# ഡാനി (ജനനം: 1930 – മരണം: 2000)

**പ്രശാന്ത് പരമേശ്വർ**

**സിനിമ**

ചരിത്രത്തിലിടംപിടിക്കാതെപ്പോയ ഒരു സാധാരണക്കാരന്റെ കഥയാണ് ഡാനിയുടേത്.രണ്ടുമണിക്കൂർകൊണ്ട് ഒരു ജീവിതയാത്ര മുഴുവൻ ഡാനി എന്ന കഥാപാത്രത്തിൽ ടി.വി. ചന്ദ്രൻ എന്ന സംവിധായകൻ ഈ ചിത്രത്തിലൂടെ നമുക്കു കാണിച്ചു തരുന്നു. ടി.വി. ചന്ദ്രന്റെ മുൻ ചിത്രങ്ങളിൽ നിന്നും വ്യത്യസ്ഥമായി ബുദ്ധിജീവി നാട്യങ്ങളില്ലാതെ നർമ്മബോധത്തോടെ എടുത്തിട്ടുള്ള ഈ ചിത്രം ചിരിക്കാനും ചിന്തിക്കാനും ചിന്തിപ്പിക്കാനും വക നല്കുന്ന ഒരപൂർവ്വ കലാവിരുന്നാണ്.

ഇതിലെ കഥാപാത്രങ്ങളും പല സന്ദർഭങ്ങളും പലതും നമുക്കു പരിചയമുള്ളവരോ നമ്മളോ ആയിരുന്നിടത്താണ് ഡാനിയുടെ വിജയം. സൂസന്നയിൽ നിന്നും വ്യത്യസ്ഥമായി എടുത്ത ഈ ചിത്രത്തിലെ നായകൻ സൂസന്നയിലെ നായികയെപ്പോലെ നമുക്കു അപരിചിതനല്ല. കലമ്പലുകളും കോലാഹലങ്ങളും പങ്കുവെക്കാനില്ലാതെ 'വെറുതെ ഒരു ജീവിതം' അനുഭവിച്ചു തീർക്കുന്ന ഒരു സാധാരണക്കാരനാണ് ഡാനി.

പ്രഭാതത്തിനുവേണ്ടി രാത്രി മുഴുവൻ ഉറക്കമൊഴിച്ചിരുന്ന് സൂര്യനുദിച്ചപ്പോൾ ഉറങ്ങിപ്പോയ ഒരുവന്റെ കഥ, ഡാനിക്കു സംഭവിച്ചതും അതാണ്. ബാല്യവും കൗമാരവും യൗവനവും ഡാനിക്ക് സമ്മാനിച്ചത് സ്നേഹമായിരുന്നില്ല, വേദനയായിരുന്നു. ഒടുവിൽ ജീവിത സായാഹ്നത്തിൽ ഭാർഗ്ഗവിടീച്ചറിൽനിന്ന് സ്നേഹമെന്തെന്ന് അറിഞ്ഞു തുടങ്ങിയപ്പോഴേക്കും കഴിച്ചു തീർക്കാൻ ജീവിതവുമില്ലായിരുന്നു.

ചരിത്രത്തോട് ബന്ധപ്പെടുത്തിയാണ് ഡാനിയുടെ ജീവിതത്തെ സംവിധായകൻ പരിചയപ്പെടുത്തുന്നത്. എന്നാൽ ഡാനിക്ക് ചിത്രവും മറ്റ് രാഷ്ട്രീയവുമായി പുലബന്ധം പോലുമില്ല. കമ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിലേറിയപ്പോൾ ബാന്റ് സംഘത്തിലുൾപ്പെട്ടിരുന്നതൊഴിച്ചാൽ ഡാനിയുടെ പ്രണയവും പ്രണയപരാജയവും, കല്യാണവും മറ്റും ടി.വി. ചന്ദ്രന് നമ്മോടുപറയാനായി സെക്കന്റുകളേ വേണ്ടൂ എന്നത് മറ്റു സിനിമകളിൽ കാണാത്ത എന്തോ പുതുമ ഡാനിക്കു നൽകുന്നു.

വിവാഹത്തിലൂടെ പ്രതീക്ഷിക്കാതെ ലഭിച്ച ജീവിത സൗകര്യങ്ങൾ ഡാനിയ്ക്കു സമ്മാനിച്ചത് വിലങ്ങുകളായിരുന്നു. വേറൊരാളുടെ ഗർഭവും പേറി കടന്നുവരുന്ന ഭാര്യ ഡാനിയിൽ നിന്നും വളരെ ദൂരെയായിരുന്നു. അവരോടുള്ള പ്രതിക്ഷേദം ധ്വനി ഒരു ചിരിയിലൊതുക്കി. ഡാനിയുടേതായ ഒരു ലോകത്ത് കുറച്ച് തമാശകളും സ്വയംപറഞ്ഞ് സ്വയം കാണിച്ചുകൊണ്ട് ഒതുങ്ങിക്കൂടി. ആശുപത്രി ചികിത്സയിലെന്ന വ്യാജേനെ വീട്ടുകാർ ഡാനിയെ ഹെൽത്ത് കെയർ ഹോം എന്ന വൃദ്ധസദനങ്ങളിലാക്കിയത് ഡാനിയുടെ ജീവിതത്തിലെ മറ്റൊരു വഴിത്തിരിവായിരുന്നു.



ജീവിത സായാഹ്നത്തിന്റെ ഒറ്റപ്പെടലിന്റെ ലോകത്ത് കൂട്ടായി ടീച്ചർ (മല്ലികാ സാരാഭായി) ആശുപത്രിയിലെത്തുന്നതോടെ ഡാനി ഒരു മാറ്റത്തിന് തയ്യാറായി ഭാര്യയെ എതിർത്ത് ടീച്ചറോടൊപ്പം തന്റെ ആദ്യഭാര്യയുടെ മകളെ കാണാൻപോകുന്നതും മകളുടെ സംശയത്തിന്റെ പാത്രമാകുകയും മരണശേഷം തന്റെ വീട്ടിൽ ഡാനിയെ അടക്കുകയും ചെയ്യുന്നതോടെ ചിത്രം അവസാനിക്കുകയും ചെയ്യുന്നു.

സൂസന്നയിൽ ചിത്രീകരിച്ചതിൽ നിന്നും വ്യത്യസ്ഥമായിട്ടുള്ള പല സമീപനങ്ങളും ടി.വി. ചന്ദ്രൻ മനപ്പൂർവ്വം ഈ ചിത്രത്തിൽ സൃഷ്ടിച്ചിട്ടുണ്ട്. മാർഗറ്റ് എന്ന കഥാപാത്രംതന്നെ അതിനുദാഹരണമാണ്. 'സൂസന്നയി'ലെ സൂസന്നയ്ക്ക് ഒരു പുരുഷന്റെ തണൽ ആവശ്യമില്ലായിരുന്നു. മാർഗരറ്റിന് പേരിനുവേണ്ടിയെങ്കിലും ഒരു ഭർത്താവ് ആവശ്യമായിരുന്നു. അതുകൊണ്ടുതന്നെ ഒരു സീനിൽ സൂസന്നയെ എതിരിട്ടു സംസാരിക്കുന്ന ഒരു പരാമർശനം വരുന്നുമുണ്ട്. ഡാനിയുടെ വേർപ്പിരിയൽ മാർഗരറ്റിന് ഒരു ആഘാതമായതും ഡാനിയോട് പൊട്ടിത്തെറിക്കേണ്ടിവന്നതും അതുകൊണ്ടാണ്. ഡാനിയുടെ മരണസമയത്തെ മാർഗരറ്റിനോടുള്ള ടെലിഫോൺ സംഭാഷണം ചിത്രത്തിലെ എടുത്തുപറയാവുന്ന ഒരു നല്ല രംഗമാണ്. ജീവിത സായാഹ്നത്തിന്റെ ഒറ്റപ്പെടലിൽ ഭാർഗ്ഗവി ടീച്ചർക്ക് ആശ്വാസം കണ്ടെത്താനായത് ഡാനിയിലായിരുന്നു. ആ സ്നേഹമാണ് ഡാനിയുടെ അന്ത്യംവരെയും കൂട്ടിനുണ്ടായിരുന്നതും. 'സൂസന്ന'യിൽ സൂസന്നയെ സ്നേഹിക്കാൻ ഒത്തിരിപേരുണ്ടായിരുന്നു, എന്നാൽ ഡാനിയെ സ്നേഹിക്കാൻ ആരും ഉണ്ടായിരുന്നില്ല. ഭാർഗ്ഗവിടീച്ചർ ഒഴിച്ച്.

ഇത്തരം സ്ത്രീ കഥാപാത്രങ്ങളാണ് ഡാനിയുടെ ജീവിതത്തിലുടനീളം സ്വാധീനിക്കുന്നത്. സ്ത്രീയുടെ വ്യത്യസ്ത മുഖങ്ങൾ ചിത്രത്തിൽ അവതരിപ്പിച്ചുകൊണ്ട് ഒരു സ്ത്രീജനമേൽക്കോയ്മ ഈ ചിത്രം അവകാശപ്പെടുന്നു.

ഒരു ടീംവർക്കിന്റെ വിജയമാണ് ഡാനിയുടെ സൃഷ്ടി. പാത്ര സൃഷ്ടിയും, അഭിനയത്തികവും, സാങ്കേതിക മേന്മയും ഈ ചിത്രം അവകാശപ്പെടുന്നു. സ്വാഭാവികമായ നർമ്മം ചിത്രത്തെ മനോഹരമാക്കുന്നു. ആശയം ജനങ്ങളിലെത്തിക്കാനാവശ്യമായ രംഗംമാത്രം ചിത്രീകരിക്കുന്നതിലൂടെ ഒരു നീണ്ട കലയളവിനെ ഹ്രസ്വവൽക്കരിച്ച് ചിത്രീകരിക്കുന്നതിനുള്ള സംവിധായകന്റെ കഴിവ് ഡാനിയെ വേറിട്ടു നിർത്തുന്നു. ഡാനി പ്രതിനിധീകരിക്കുന്നത് സാമൂഹ്യബോധമില്ലാത്ത, സ്വത്വബോധമില്ലാത്ത ആർക്കോവേണ്ടി ജീവിച്ചുതള്ളുന്ന ഒരു ശരാശരി മലയാളിയുടെ കഥയാണ്. പ്രതികരിക്കാൻ മറന്നുപോകുന്ന പുതിയ 'മലയാളി മന:ശാസ്ത്ര'ത്തിന്റെ കഥ, പൊരുത്തപ്പെടാൻ കഴിയാത്ത കുടുംബത്തിൽ ഒറ്റപ്പെട്ടുപോകുന്ന ഒരു ഭർത്താവിന്റെ കഥ.......

കുടുംബത്തിൽ നിന്നും ജീവിതത്തിൽ നിന്നും തന്നെ അന്യവൽക്കരിക്കപ്പെട്ടുപോകുന്ന പുരുഷ പ്രജകളുടെ പ്രതീകമാണ് ഡാനി. അതുപോലെത്തന്നെ ചിത്രത്തിലെ ഓരോകഥാപാത്രത്തിനും അവരുടേതായ ന്യായീകരണങ്ങളുണ്ട്. ചിത്രത്തിനകത്തും പുറത്തും നടക്കുമ്പോഴും ഡാനിയിൽ നിന്നും പറയുന്ന സംഭാഷണം മനസ്സിൽ തട്ടി നിൽക്കുന്ന "നോ ആർഗ്യൂമെന്റ്സ്, ഐ ആം ലീവിങ്" അതേ, വാദ കോലാഹലങ്ങൾക്കിടനല്കാതെ ഡാനി വിടപറയുകയാണ്.